# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2460 05.02.2018-ൽ മറുപടിക്ക്**

മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം മണ്ഡലത്തിലെ വളപ്പറമ്പ, സൗദിപ്പടി, മങ്ങോട്ടിൽ കോളനി, കണ്ണംകുഴി ഒസ്സാൻ പാലം, നാടിപ്പാറ, ഊതലക്ക്, പെരിമ്പലം, കിഴക്കുപറമ്പ, തെക്കുംപാട്, കുഴിക്കാടൻകുന്ന്, ചുങ്കത്ത്, വളമംഗലം, ഒറ്റത്തറ-ചാലാട്, മാങ്ങാട്ടുപുലം, അപ്പക്കാട്, പുളിയേറ്, പുളിക്കല്ല് തുങ്ങിയ പ്രദേശങ്ങളിലെ വേൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2016-17, 2017-18 കാലയളവിൽ ആകെ 8.72 കി.മീ എച്ച്.ടി ലൈൻ നിർമ്മിക്കുക, 17 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കുക, 5.207 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈനാക്കി മാറ്റുക തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രസരണ വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.<br>1. മലപ്പുറം, 110 കെ.വി ജി.ഐ.എസ് സബ്സ്റ്റേഷൻ നിർമ്മാണം.<br>2. സിവിൽസ്റ്റേഷൻ, മലപ്പുറം ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം.<br>ഇവയ്ക്കുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. 33 കെ.വി സബ്സ്റ്റേഷനുവേണ്ടി സ്ഥലം ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | 15.11.2017 ന് ചേർന്ന മണ്ഡലതല അവലോകനയോഗ തീരുമാനപ്രകാരം വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ, ലൈൻ കൺവേർഷൻ എന്നിവയ്ക്കായി സമർപ്പിച്ച പ്രപ്പോസലുകളിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; വിശദാംശം നൽകുമോ; | (ബി) | 15.11.2017-ന് ചേർന്ന മണ്ഡലതല അവലോകന യോഗ തീരുമാനപ്രകാരം വള്ളുമ്പ്രം ഹെൽത്ത് സെന്ററിന് സമീപം ഒരു 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുക, മൂക്കോട്-വലിയപറമ്പ, താന്നിക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ 0.9 കി.മീ എച്ച്.ടി ലൈൻ നിർമ്മിക്കുക എന്നീ പ്രവൃത്തികളുടെയും, മൂച്ചിക്കൽ, പുൽപ്പറ്റ റോഡ്, പാറപ്പള്ളിയാലിൽ, പുൽപ്പറ്റ-പുല്ലാര റോഡ്, കാവുങ്ങൾ കോളനി, കോട്ടപ്പറമ്പ റോഡ്, കക്കോടി മുക്ക്, പുന്നംകോട് റോഡ്, ചേരിയിൽ റോഡ്, പെട്ടീരി റോഡ്, ഉരുപ്പിപ്പാറ-രത്താണി റോഡ് എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | ട്രാൻസ്ഫോർമർ അനുവദിച്ച സ്ഥലങ്ങളിൽ മെറ്റീരിയൽസിന്റെ ക്ഷാമം കാരണം അവ സ്ഥാപിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Hemalatha

**സെക്ഷൻ ഓഫീസർ**